നം. എ3/2960/2016/ടിബിഒ

പാഠപുസ്തക ഓഫീസറുടെ കാര്യാലയം,
പത്മവിലാസം റോഡ്, ഫോർട്ട്. പി.ഒ,
തിരുവനന്തപുരം–23 തീയതി: 04.02.2017
ഫോൺ നം.0471 2450027,
textbookofficer@gmail.com.

പാഠപുസ്തക ഓഫീസർ

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും

സർ,

വിഷയം:– പൊ.വി.– 9, 10 ക്ലാസ്സുകളിലെ പാഠപുസ്തകവില സ്കൂൾ സൊസൈറ്റികളെ കൊണ്ട് അടപ്പിക്കുന്നത് സംബന്ധിച്ച്:-

സൂചന:–

-------

2010–11 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ വിവിധ സ്കൂൾ സൊസൈറ്റികൾക്ക് വിതരണം ചെയ്ത 9,10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ വില കൃത്യമായി ട്രഷറിയിൽ അടയ്ക്കുന്നതിൽ സൊസൈറ്റി അധികൃതർ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത്തരം സ്കൂൾ സൊസൈറ്റി സെക്രട്ടറി/ഹെഡ്മാസ്റ്റർ എന്നിവരുടെ ബാദ്ധ്യത/ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റുകൾ കുടിശിഖ തീർത്ത് പണം ഒടുക്കാതെ യാതൊരു കാരണവശാലും അനുവദിച്ചു നൽകാൻ പാടുള്ളതല്ല എന്ന് താങ്കളെ ഇതിനാൽ അറിയിക്കുന്നു. സ്കൂൾ സൊസൈറ്റി ഇൻഡന്റ് ചെയ്ത് സ്വീകരിച്ച എല്ലാ പാഠപുസ്തകങ്ങളുടെ വിലയും ഒടുക്കാൻ ടി സൊസൈറ്റി ബാദ്ധ്യസ്ഥരാണ് എന്ന കാര്യവും ശ്രദ്ധിക്കേണ്ടതാണ്.

സ്കൂൾ സൊസൈറ്റിക്ക് ലഭിച്ച പാഠപുസ്തകങ്ങൾക്കനുസരണമായി വില അടക്കാതെ വീഴ്ച വരുത്തിയ സൊസൈറ്റി സെക്രട്ടറിമാർക്കും പ്രസിഡന്റുമാർക്കും (സ്കൂൾ ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്) ഏതെങ്കിലും അവസരത്തിൽ ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിലോ ഇനി നൽകിയാലോ ആ ബാദ്ധ്യത സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും എന്നത് കൂടി ഇതോടൊപ്പം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

പാഠപുസ്തക ഓഫീസർ

പകർപ്പ്:

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,
ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും അറിവിനും
തുടർ നടപടികൾക്കുമായി അയക്കുന്നു.

Sk.02.2017